Malappuram District Police

# 28.09.2017 കരിപ്പൂർ

കരിപ്പൂർ വിമാനത്താവളത്തിൽ സഹയാത്രികൻെറ ബാഗ് മോഷ്ടിച്ച യാത്രക്കാരൻ അറസ്റ്റിൽ. തിരൂർ പൂക്കയിൽ സ്വദേശി മുണ്ടോടൻ ബഷീറിനെയാണ് (46) കരിപ്പൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 14–നാണ് കേസിനാസ്പദമായ സംഭവം. ദമാമിൽ നിന്നുള്ള ജെറ്റ് എയർവേസ് വിമാനത്തിൽ കരിപ്പൂരിലെത്തിയ കണ്ണൂർ മട്ടന്നൂർ ശിവപുരം സ്വദേശി അഷ്റഫിൻെറ സാധനങ്ങളാണ് നഷ്ടപ്പെട്ടത്. അഷ്റഫിൻെറ കൈവശമുണ്ടായിരുന്ന ബാഗിൽ മൊബൈൽ ഫോൺ, പവർ ബാങ്ക്, ചാർജർ ഉൾപ്പെടെ 30,000 രൂപ വിലയുള്ള സാധനങ്ങളുണ്ടായിരുന്നു. ദമാമിൽ കയറുമ്പോഴും വിമാനത്താവളത്തിലെത്തിയപ്പോഴും ബാഗുണ്ടായിരുന്നെങ്കിലും കസ്റ്റംസ് ഹാളിലെത്തിയപ്പോൾ ബാഗ് കാണാതായി. തുടർന്ന് ഇയാൾ കരിപ്പൂർ പോലീസിൽ പരാതി നൽകുകയായിരുന്നു. പോലീസ് വിമാനത്താവളത്തിലെത്തി സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചതിനെ തുടർന്നാണ് അറസ്റ്റ്. കസ്റ്റംസ് ഹാളിൽ എക്സ്റേ പരിശോധനക്കിടെയാണ് പ്രതി മോഷണം നടത്തിയത്.